# ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

**ഹാജർ :– കെ.എം. ദേവിക, ന്യായാധികാരി**

തീയതി : 2026 ജനുവരി 20 , ചൊവ്വ

(30 പൗഷം , 1947)

## സി.എം.പി. 01 /2026 (എം.സി. 05 /2026)

| | | |
|---|---|---|
| ഹർജിക്കാരി | 1. | ഭാഗ്യ ലക്ഷ്മി, വയസ്സ് 26, W/o അഭിലാഷ്,, അഭിലാഷ് ഭവൻ, കുടവെച്ചൂർ കര, വെച്ചൂർ പഞ്ചായത്ത്, വെച്ചൂർ വില്ലേജ്, വൈക്കം താലൂക്ക്. |
| പ്രതിനിധീകരിക്കുന്നത് | : | അഡ്വ: പി. എസ്. രഞ്ജിത്ത് |
| എതൃകക്ഷി | 1. | ജഗദേവി, വയസ്സ് 54,W/o സാബു, അഭിലാഷ് ഭവൻ, കുടവെച്ചൂർ കര, വെച്ചൂർ പഞ്ചായത്ത്, വെച്ചൂർ വില്ലേജ്, വൈക്കം താലൂക്ക്. |
| | 2. | സാബു, വയസ്സ് 55, S/o പദ്മനാഭൻ,, അഭിലാഷ് ഭവൻ, കുടവെച്ചൂർ കര, വെച്ചൂർ പഞ്ചായത്ത്, വെച്ചൂർ വില്ലേജ്, വൈക്കം താലൂക്ക്. |
| വകുപ്പ് | : | ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005, 23–)o വകുപ്പ് പ്രകാരം ബോധിപ്പിക്കുന്ന ഹർജി. |
| നിവൃത്തി | : | ഹർജി ഭാഗികമായി അനുവദിച്ചിരിക്കുന്നു. |

ഈ ഹർജി 20.01.2026 ന് കേൾക്കുകയും ഇന്നേ ദിവസം തന്നെ ഈ കോടതി താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

## ഉത്തരവ്

ടി ഹർജി ഗാർഹിക പീഡന നിരോധന നിയമം സെക്ഷൻ 23(2) വകുപ്പ് പ്രകാരം ഫയൽ ചെയ്തിട്ടുള്ളതാകുന്നു.

2. ഹർജിക്കാരി ഹാജരായി. അഭിഭാഷകനാൽ പ്രതിനിധീകരിക്കപ്പെട്ടു. ഹർജിക്കാരി ഭാഗം വാദം കേട്ടു.

3. ടി ഹർജിക്കാരി ഗാർഹിക പീഡന നിരോധന നിയമം 2005 വകുപ്പ് 23(2) പ്രകാരം എതൃകക്ഷികൾക്ക് എതിരെ ബോധിപ്പിച്ച ഹർജി സത്യവാങ്മൂലം പരിശോധിച്ച് ഹർജിക്കാരി ഭാഗം വാദം കേട്ട് ഹർജിക്കാരി ഗാർഹിക പീഡന നിരോധന നിയമം 2005, വകുപ്പ് 2(a) യുടെ നിർവചനത്തിൽ വരുന്ന ആളാണെന്ന് കോടതിക്ക് ബോധ്യപ്പെട്ടിരുന്നു. ആയതിനാൽ ടി നിയമത്തിലെ വകുപ്പ് 23(2) പ്രകാരം ടി ഹർജിക്കാരിക്ക് പ്രഥമദൃഷ്ട്യാ ഹർജി പ്രകാരമുള്ള നിവർത്തികൾ ലഭിക്കുന്നതിന് അർഹയാണെന്നും എതൃകക്ഷികൾക്ക് നോട്ടീസ് പോയി വരാനുള്ള കാലതാമസവും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള കാലതാമസവും നീതി നിഷേധം ആയേക്കുമെന്ന അനുമാനത്തിൽ അടിയന്തിരമായി പുറപ്പെടുവിക്കുന്ന താൽക്കാലിക എക്സ്പാർട്ടി ഉത്തരവ് ആണിത്.

i. ഹർജിക്കാരിയെ മാനസികമായോ ശാരീരികമായോ ദേഹോപദ്രവം ഏൽപ്പിക്കുകയോ ഗാർഹിക പീഡനം ഏൽപ്പിക്കുകയോ ചെയ്യുന്നതിൽ നിന്നും, വകുപ്പ് 18(a) പ്രകാരം എതൃകക്ഷികളെ തടഞ്ഞ് ഇതിനാൽ ഉത്തരവാകുന്നു.

GRAM NYAYALAYA ഗ്രാമ ന്യായാലയ വൈക്കം, നാനാടം - 686 143 VAIKOM, NANADAM - 686 143

ii. ഹർജിക്കാരി നിലവിൽ താമസിക്കുന്ന വെച്ചൂർ ഗ്രാമ പഞ്ചായത്ത് എട്ടാം വാർഡിൽ 235/A നമ്പർ വീട്ടിൽ നിന്ന് ടിയാരിയെ ഇറക്കി വിടരുത് എന്ന് എതൃകക്ഷികളോട് നിർദ്ദേശിച്ച് ഇതിനാൽ ഉത്തരവാകുന്നു.

iii. മേൽ പറഞ്ഞ വീടും വിടിരുപ്പ് വെച്ചൂർ വില്ലേജ് സർവ്വേ നമ്പർ 499/2 ൽ പെട്ട 02.25 ച:മീറ്റർ പുരയിടവും കൈമാറ്റം ചെയ്യുന്നതിൽ നിന്നും വകുപ്പ് 19(d) പ്രകാരം എതൃകക്ഷികളെ തടഞ്ഞ് ഇതിനാൽ ഉത്തരവാകുന്നു.

iv. ഈ ഉത്തരവിന്റെ പകർപ്പുകൾ ഹർജിക്കാരിക്കും, പ്രൊട്ടക്ഷൻ ഓഫീസർക്കും, സ്റ്റേഷൻ ഹൗസ് ഓഫീസർ വൈക്കം എന്നിവർക്കും നൽകുക. SHO വൈക്കം/ പ്രൊട്ടക്ഷൻ ഓഫീസർ ഈ ഉത്തരവ് എതൃകക്ഷികളെ അറിയിക്കേണ്ടതാണ്.

(ഇപ്രകാരം ഇത് ഞാൻ പറഞ്ഞുകൊടുത്ത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ വായിച്ചുനോക്കി തെറ്റു തിരുത്തി തുറന്ന കോടതിയിൽ 2026 ജനുവരി മാസം 20 ന് ഉത്തരവ് പ്രസ്താവിച്ചിരിക്കുന്നു).

(ഒപ്പ്/-)
കെ.എം. ദേവിക
ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

//ശരി പകർപ്പ് //

ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

GRAM NYAYALAYA
ഗ്രാമ ന്യായാലയം
വൈക്കം, നാനാടം-686 143
VAIKOM, NANADAM - 686 143

ഇതിലേക്ക് പകർത്തുക :-

1. പ്രൊട്ടക്ഷൻ ഓഫീസർ
2. S H O, വൈക്കം
3. പരാതിക്കാരി
4. എതൃകക്ഷികൾ

ഉത്തരവ്
(ശരി പകർപ്പ്)
സി.എം.പി. നമ്പർ 01/2026
(എം.സി. നമ്പർ 05/2026)
തീയതി : 20.01.2026